## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*148

30-09-2016 ൽ മറുപടിയ്ക്ക്

## നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ. ഇ.കെ.വിജയൻ
ശ്രീ. സി. ദിവാകരൻ
ശ്രീ. ജി.എസ്.ജയലാൽ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ നെൽ കൃഷി ഏതൊക്കെ തരത്തിൽ പുനരു ജ്ജീവിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | നെൽകൃഷി വിസ്തൃതി 2011-12 ൽ 208161 ഹെക്ടറായിരുന്നത് 2014-15 ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി. 2015-16 ലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 1.94 ലക്ഷം ഹെക്ടർ നെൽകൃഷിയാണ് നിലവിലുള്ളത്. 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല നെല്ലിന്റെ വിസ്തീർണം ഇപ്പോൾ നിലവിലുള്ളതിൽ നിന്നും ഇനിയും കുറയാതിരിക്കാനും പരമാവധി പ്രദേശങ്ങളിൽ നെൽകൃഷി പുനരാരം ഭിക്കുന്നതിനായും അതിലൂടെ നെൽകൃഷി വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ താഴെ |

വിവരിച്ചിട്ടുള്ള നെൽകൃഷിവികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൌജന്യ വൈദ്യുതി പദ്ധതി.(നോൺ പ്ലാൻ)
8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM)

റാണികായൽ, മെത്രാൻ കായൽ, ആറന്മുള എന്നിവിടങ്ങളിലെ നെൽകൃഷി, ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരനെൽ കൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2560 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. 2663 ഹെക്ടർ കൃഷി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കഴിഞ്ഞ

| | | | |
|---|---|---|---|
| | | | 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. 2016 ഒക്ടോബർ 20-നുമുമ്പായി വിത പൂർത്തീകരിക്കുന്നതാണ്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽകൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽകൃഷി പുനരാരംഭിക്കും. |
| (ബി) | കൊല്ലവർഷം 1192 ചിങ്ങമാസം ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് "നെൽവർഷം" ആഘോഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഒരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ. വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.<br>നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | നമ്പർ 124/2016/കൃഷി തീയതി 11/08/2016 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | നെൽകൃഷി തുടങ്ങുന്ന കർഷകന് ന്യായവില ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നെല്ലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയും ഓയിൽപാം മുഖേനയും എല്ലാ ജില്ലകളിലേയും കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലു സംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ലു സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില, ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട്, സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണവില നൽകിയാണ് നെല്ലു സംഭരിക്കുന്നത്. സംസ്ഥാന സർക്കാർ നെല്ലിനു നൽകിയിരുന്ന സംഭരണവില കിലോയ്ക്ക് 19.00 രൂപയായിരുന്നത് 07/11/2015 -ലെ സ.ഉ(എം.എസ്) നം.34/2015/ഭ.സി.സ.വ പ്രകാരം 2015 ഒക്ടോബർ മുതൽ കിലോയ്ക്ക് 21.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. സംഭരിക്കുന്ന നെല്ലിന്റെ സബ്സിഡി വിഹിതം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലുള്ള ശീർഷകത്തിലൂടെയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില 2016 ഒക്ടോബർ മുതൽ കിലോയ്ക്ക് 14.70 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ SIB (സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്) നൽകുന്നതിനാവശ്യമായ തുക തിട്ടപ്പെടുത്തി 2016-17-ലെ ബജറ്റിൽ 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | മെത്രാൻ കായൽ, ആറന്മുള എന്നീ മേഖലകളിൽ കൃഷി ചെയ്യാനുള്ള പദ്ധതി പ്രവർത്തനം | (ഡി) | ആറന്മുള മേഖലയിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് 22.09.2016 ന് നിലം ഒരുക്കുന്നതിനുള്ള നടപടി കൃഷി |

| | | | |
|---|---|---|---|
| | ആരംഭിച്ചിട്ടുണ്ടോ; | | വകുപ്പ് തുടങ്ങി. പദ്ധതിക്ക് ജി.ഒ(ആർ.റ്റി) നം.786/2016/ കൃഷി തീയതി 9/09/2016 പ്രകാരം കൃഷി വകുപ്പ് 153.76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>മെത്രാൻ കായൽ പാടശേഖരത്തിൽ പുഞ്ചകൃഷി ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നുണ്ട്. പുറംബണ്ട് ബലപ്പെടുത്തൽ, പെട്ടി-പറ എന്നിവ സ്ഥാപിക്കുക തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മെത്രാൻ കായൽ പാടശേഖരത്തിലെ വെള്ളം വറ്റിക്കുന്നതിനെതിരെ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിലെ വിധിക്കു വിധേയമായി കുമരകം പഞ്ചായത്തിലെ പ്രാദേശികതല നിരീക്ഷണ സമിതി 19/09/2016-ൽ യോഗം ചേരുകയും ഭൂഉടമകളായ കമ്പനി അധികൃതരോട് തരിശ്ശിട്ടിരിക്കുന്ന പാടശേഖരത്തിൽ അടിയന്തിരമായി പുഞ്ചകൃഷി ആരംഭിക്കുന്നതിന് തയ്യാറാകണമെന്ന് അറിയിച്ചുകൊണ്ട് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ(ആർ.റ്റി) നം. 799/2016/കൃഷി തീയതി 20.09.2016 പ്രകാരം മെത്രാൻ കായൽ പാടശേഖരത്തിൽ പുഞ്ച കൃഷി ആരംഭിക്കുന്നതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | ഈ വർഷം നെൽകൃഷി എത്ര ഹെക്ടറിലേക്ക് വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്? | (ഇ) | ഈ വർഷം ഏകദേശം 215000 ഹെക്ടറോളം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആയതിലേക്കായി 2016-17 വർഷം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ